**ഇക്കഴിഞ്ഞ ഇന്ത്യൻ സയൻസ് കോൺഗ്രസ്സിൽ ഇന്ത്യൻ ആർമിയുടെയും സ്പേസ് സെൻററിൻെറയും മറ്റും നൂതന ഉപകരണങ്ങൾ ജനശ്രദ്ധ ആകർഷിച്ചെങ്കിലും നിത്യ ജീവിതത്തിൽ ജനങ്ങൾക്ക് ഉപകാരപ്പെടുന്ന ചില വസ്തുക്കളും ഉണ്ടായിരുന്നു. അവയിൽ ചിലത് ഇവിടെ പരിചയപ്പെടുത്തുകയാണ്**

## മൊബൈൽ എയർ കണ്ടീഷൻ



രാജ്യത്ത് ആദ്യമായാണ് ഇത്തരത്തിൽ ഒരുത്പന്നം പുറത്തിറക്കുന്നത്. വീട്ടിലോ ഓഫീസിലോ ഉള്ള ഏതു മുറിയിലും ഇഷ്ടാനുസരണം ഘടിപ്പിക്കാവുന്ന എയർ കണ്ടിഷൻ ആയതു കൊണ്ട് തന്നെയാണ് ഇതിന് മൊബൈൽ എയർകണ്ടിഷൻ എന്ന പേരും ലഭിച്ചത്. സാധാരണ എയർ കണ്ടിഷനെപ്പോലെ ചുവരിൽ ഫിറ്റ് ചെയ്യേണ്ട ആവശ്യമില്ല. കാലത്ത് ഹാളിലിരിക്കുമ്പോഴും അവിടെ ഉപയോഗിക്കാം. രാത്രിയിൽ കിടപ്പ് മുറിയിലേക്ക് മാറ്റി വെക്കാം. ഇത്തരത്തിൽ ഒരു പുതിയ കണ്ടു പിടിത്തവുമായി എത്തിയത് മുംബൈയിലെ ആർ.എ. ഗ്രൂപ്പാണ്.
ഒറ്റനോട്ടത്തിൽ ഒരു കൂളർപോലെ തോന്നുമെങ്കിലും ഇത് കൂളർ അല്ലെന്ന് ആർ.എ. ഗ്രൂപ്പ് ഡി.ജി.എം.(മാനുഫാച്ചറിങ് ആൻഡ് ടെക്നോളജി) ടി.ജയചന്ദ്രൻ ചൂണ്ടിക്കാട്ടുന്നു.
'വാടകയ്ക്ക് താമസിക്കുന്നവർക്കുപോലും ഉപയോഗിക്കാം എന്നതാണ് ഇതിൻെറ പ്രത്യേകത. മറ്റൊരു വീട്ടിലേക്ക് മാറുമ്പോഴും ഈ ഏസി അങ്ങോട്ട് കൊണ്ടുപോകാൻ പ്രയാസമില്ല. നാലരയടിയാണിതിൻെറ ഉയരം. ഒരടി വീതിയും. സാധാരണ എ.സി.യേക്കാളും 40 ശതമാനം വൈദ്യുതി കുറവ് മതി ഇതിന്. 0.9, 1.2, 1.5 ടൺ വീതമുള്ള മൂന്നു മോഡലുകളാണ് കമ്പനി പുറത്തിറക്കിയിരിക്കുന്നത്. ചൂടുവായു പുറത്തേക്ക് പോകാൻ ജനൽവഴി പുറത്തേക്ക് ഒരു പൈപ്പ് ഇടണം. ഈ പൈപ്പ് താത്കാലികമായി ഘടിപ്പിക്കാനുള്ള പ്ലാസ്റ്റിക് കട്ടകളും കമ്പനി നിർമിച്ചിട്ടുണ്ട്. 38 കിലോയാണ് എ.സി.യുടെ ഭാരം. ചൈനയിൽനിന്ന് കമ്പനിതന്നെ നിർമിക്കുന്ന ഭാഗങ്ങൾ വസായിലുള്ള യൂണിറ്റിലാണ് ഘടിപ്പിച്ച് ഉത്പന്നമായി പുറത്തെത്തുന്നത്. മുംബൈയിൽ ചിലയിടങ്ങളിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിലും വിപണിയിലേക്ക് ഈ പുതിയ എയർ കണ്ടിഷൻ എത്തുന്നതേയുള്ളൂ. വില 22,000 മുതൽ 27,000 വരെ.

## ഇലക്ട്രോ വാട്ടർ മെഷീൻ

അന്തരീക്ഷത്തിൽനിന്ന് കുടിവെള്ളം ഉണ്ടാക്കുന്ന സാങ്കേതികവിദ്യയാണ് ഇതിൽ ഉപയോഗിക്കുന്നത്. വായുവിൽനിന്ന് ഈർപ്പം വലിച്ചെടുത്ത് അവ ശീതീകരിച്ച് ബാഷ്പകണങ്ങളാക്കി ശുദ്ധീകരിച്ച് ശേഖരിക്കുന്ന വിദ്യ. കുടിവെള്ളത്തിന് പാടുപെടുന്ന മേഖലയിൽ സർക്കാറിൻെറ സഹായത്തോടെ ഇവയെത്തിക്കാനാണ് ആർ.എ. ഗ്രൂപ്പ് ശ്രമിക്കുന്നതെന്ന് കമ്പനി എം.ഡി. അനിത് അസ്ഥാന പറയുന്നു. അന്തരീക്ഷത്തിൽ ഈർപ്പം കൂടുതലുള്ള പ്രദേശത്ത് കൂടുതൽ വെള്ളം ശേഖരിക്കാൻ കഴിയും. 16 മണിക്കൂർ പ്രവർത്തിപ്പിച്ചാൽ 20 ലിറ്റർവരെ വെള്ളം ഇതിലൂടെ ലഭിക്കുമെന്നാണ് കമ്പനി അവകാശപ്പെടുന്നത്. 27,000 രൂപ വിലയുള്ള ഇലക്ട്രോ വാട്ടർ മെഷീൻ കേന്ദ്രസർക്കാർ 15,000 രൂപയ്ക്ക് വാങ്ങി കുടിവെള്ള പ്രശ്നം രൂക്ഷമായ പ്രദേശങ്ങളിൽ വിതരണംചെയ്യാൻ ഒരുങ്ങുകയാണ്. 2019-ഓടെ 20 കോടി ജനങ്ങളിൽ ഈ മെഷീൻ എത്തും. നിലവിൽ 15,000 മെഷീൻ സർക്കാർ ആവശ്യപ്പെട്ടുകഴിഞ്ഞു.
രാത്രി കിടക്കാൻ നേരത്ത് ഓൺ ചെയ്ത് വെച്ചാൽ കാലത്തേക്ക് 20 ലിറ്റർ ശുദ്ധമായ വെള്ളം ലഭിക്കും. 680 വാട്സിലാണ് ഈ മെഷീൻ പ്രവർത്തിക്കുന്നത്.